**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 93** | **04-10-2021 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയുടെ നിലവാരം അന്താരാഷ്ട്ര തലത്തിൽ എത്തിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉദ്യോഗസ്ഥരുടെ ജോലി സംബന്ധമായുണ്ടാകുന്ന മാനസിക സംഘർഷം ലഘൂകരിക്കുന്നതിനുമായി എന്തൊക്കെ പദ്ധതികളാണ് നിലവിൽ നടപ്പിലാക്കിയിരിക്കുന്നതെന്ന് അറിയിക്കുമോ ; | (എ) | സംസ്ഥാനത്തെ പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടി കുറ്റാന്വേഷണ മേഖലയിലും ക്രമസമാധാപാലനത്തിനും മറ്റു കാര്യങ്ങളിലും നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി ധാരാളം ഇൻ സർവീസ് പരിശീലന പരിപാടികൾ കേരള പോലീസ് അക്കാദമിയിലും, പോലീസ് ട്രെയിനിംഗ് കോളേജിലും നടത്തിവരുന്നു. മാത്രമല്ല ഇന്ത്യയിലെ വിവിധ പരിശീലന കേന്ദ്രങ്ങളിൽ അയച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള വിവിധ തരം പരിശീലനങ്ങൾ നൽകി വരുന്നു. ഉദ്യോഗസ്ഥരുടെ ജോലി സംബന്ധമായുണ്ടാകുന്ന മാനസിക സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥർക്ക് സ്ട്രസ്സ് മാനേജ്മെന്റ്, സോഫ്റ്റ് സ്കിൽ മാനേജ്മെന്റ്, യോഗ പരിശീലനം തുടങ്ങിയവ കേരള പോലീസ് അക്കാദമിയിലും, പോലീസ് ട്രെയിനിംഗ് കോളേജിലും നൽകി വരുന്നു. |
| (ബി) | പോലീസ് സേനയുടെ ആത്മവീര്യം വർദ്ധിപ്പിക്കുന്നതിനും പൊതുജന സേവനം സുതാര്യവും കാര്യക്ഷമമാക്കുന്നതിനുമായി പുതുതായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന മനശാസ്ത്ര - മാനേജ്മെന്റ് ട്രെയിനിംഗ് പദ്ധതി സംബന്ധിച്ച് വിശദമാക്കുമോ ; | (ബി) | പോലീസ് ഉദ്യോഗസ്ഥരുടെ അടിസ്ഥാന പരിശീലനത്തിൽ സ്ട്രെസ്സ് മാനേജ്മെന്റ് പ്രോഗ്രാം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പൊതുജനങ്ങളോട് പെരുമാറേണ്ട രീതികൾ സംബന്ധിച്ച് പോലീസുകാർക്ക് താഴെപ്പറയുന്ന പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട്. 1. ജനമൈത്രീ പോലീസ് പരിശീലനം. 2. Soft Skill Training 3. Gender Sensitisation 4. Stress Management with Human relations 5. Inter Personal relationship 6. Positive handling of drug abuses 7. Life style Management. 8.Correctional behavioural Training |
| (സി) | സംസ്ഥാന പോലീസ് സേനയുടെ നിലവാരം | (സി) | സംസ്ഥാന പോലീസ് സേനയുടെ നിലവാരം |

| | | | |
|---|---|---|---|
| | അന്താരാഷ്ട്ര തലത്തിൽ എത്തിക്കുന്നതിനായി ഈ സർക്കാർ സ്വീകരിക്കുവാനുദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച് വിശദമാക്കുമോ ? | | ഉയർത്തുന്നതിനായി 2021-22 വർഷത്തിൽ പോലീസ് വകുപ്പ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു. • 2021-22 വർഷത്തിൽ 12 പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ പോലീസ് വകുപ്പ് പദ്ധതിയിട്ടിട്ടുണ്ട്. പുലിക്കീഴ്, പെരുനാട്, മൂഴിയാർ(പത്തനംതിട്ട), വിയ്യപുരം(ആലപ്പുഴ), വാഗമൺ, മുല്ലപ്പെരിയാർ(ഇടുക്കി), പന്തീരങ്കാവ്(കോഴിക്കോട് സിറ്റി), മുഴക്കുന്ന്, മട്ടന്നൂർ, ആലക്കോട്(കണ്ണൂർ), തങ്കമണി(ഇടുക്കി), എഴുകോൺ(കൊല്ലം റൂറൽ) എന്നിവയാണ്. • 2021-22 വർഷത്തിൽ പോലീസ് വകുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോജക്ടിന് തുടക്കം കുറിക്കുന്നതാണ്. • 2021-22 വർഷത്തിൽ തിരുവനന്തപുരത്ത് സൈബർ സെക്യൂരിറ്റി സെന്റർ സ്ഥാപിക്കുന്നതാണ്. •സംസ്ഥാനത്ത് 15 പുതിയ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ സർക്കാർ അനുമതി നൽകുകയും ഇതിനായി ആവശ്യത്തിന് വിഹിതം നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. •സൈബർ ക്രൈം അനാലിസിസ്സിലെ പുതിയ പ്രവണതകൾക്ക് അനുസൃതമായി സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സൈബർ ഇടങ്ങളിലെ ക്രിമിനൽ പ്രവണതകൾ ഫലപ്രദമായി കൈകാര്യം ചെയ്യുവാനും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, എന്നിവിടങ്ങളിലെ സൈബർ ഡോമുകളെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. •2021 - 22 വർഷത്തിൽ ആലപ്പുഴ, എറണാകുളം റൂറൽ, മലപ്പുറം, കണ്ണൂർ സിറ്റി എന്നീ ജില്ലാ പോലീസ് ഓഫിസുകൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതാണ്. •കോഴിക്കോട് ആസ്ഥാനമാക്കി 6-ാമത് സായുധ പോലീസ് ബറ്റാലിയൻ ആരംഭിച്ചിട്ടുണ്ട്. •തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, തൃശ്ശൂർ റൂറൽ, എന്നിവിടങ്ങളിൽ പുതിയ ജില്ലാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. •കൊല്ലം സിറ്റി, ഇടുക്കി, പത്തനംതിട്ട, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ പുതിയ ജില്ലാ കൺട്രോൾ റൂമുകൾ നിർമ്മിക്കുന്നതാണ്. •ഗുരുവായൂർ ടെംപിൾ പോലീസ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്. •തിരുവനന്തപുരത്ത് പോലീസ് ടെക്നോളജി സെന്ററിന്റെ നിർമ്മാണം 2021-22 വർഷത്തിൽ പൂർത്തിയാക്കുന്നതാണ്. •നിലവിൽ 803 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് പദ്ധതി (SPC) പ്രവർത്തനം നടത്തുകയും, 2021- 22 വർഷത്തിൽ SPC പദ്ധതി 167 സ്കൂളുകളിൽ കൂടി നടപ്പിലാക്കുകയും ചെയ്തിട്ടുള്ളതാണ്. •സ്കൂൾപഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്ന കുട്ടികൾക്ക് |

| | | | |
|---|---|---|---|
| | | | ആവശ്യമായ മാനസിക-സാമൂഹിക പിന്തുണ നൽകുന്നതിനായി ഹോപ്പ് പദ്ധതി നടപ്പിലാക്കുന്നതാണ്. Children & Police (CAP) programme കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. •എല്ലാ പോലീസ് സ്റ്റേഷനുകളും 'Service Delivery Centres' ആക്കി മാറ്റുന്നതിന് സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. •കേരളാ റെയിൽവേ പോലീസ്, കേരളാ ആംഡ് പോലീസ് ബറ്റാലിയൻ തുടങ്ങിയവയ്ക്ക് സമാനമായി "കോസ്റ്റൽ പോലീസ് ഡിവിഷൻ" രൂപകരിക്കുവാനായി ഒരു പ്രൊപ്പോസൽ പരിഗണനയിലുണ്ട്. •ഇന്ത്യയിൽ ചാര പ്രവർത്തനം, വിധ്വംസക - അട്ടിമറി പ്രവർത്തനങ്ങൾ തുടങ്ങിയ നിയമ വിരുദ്ധവും, അപകടകരവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദേശ ഏജൻസികളെ തകർക്കുവാനും, പ്രതിരോധിക്കുവാനുമായി പോലീസ് വകുപ്പിൽ ഒരു "Counter Intelligence Cell- രൂപം നൽകുന്നകാര്യം പരിഗണനയിലാണ്. •തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, കോഴിക്കോട് റൂറൽ, വയനാട്, കണ്ണൂർ റൂറൽ എന്നിവിടങ്ങളിൽ വനിതാ പോലീസ് സ്റ്റേഷനുകളും, കണ്ണൂർ റൂറൽ പോലീസ് ജില്ലയിൽ സൈബർ പോലീസ് സ്റ്റേഷനും ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ട്. •സൈബർ കേസുകൾ പ്രത്യേകമായി കൈകാര്യം ചെയ്യുന്നതിലേക്ക് സൈബർ ഓപ്പറേഷൻ വിംഗ് & സൈബർ ഇൻവെസ്റ്റിഗേഷൻ ആൻഡ് റിസർച്ച് അനാലിസിസ് ഡിവിഷൻ തുടങ്ങുന്നത് പരിഗണനയിലാണ്. •സാമ്പത്തിക കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേക്ക് പ്രത്യേകമായി എക്കണോമിക് ഒഫൻസ് വിംഗ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലും പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ